# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആരക്കുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ .ഇ കെ എം (പി 8) 1291/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 09/02/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആരക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ .ഇ കെ എം (പി 8) 1291/21 തീയ്യതി: 09/02/2022

## എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 07-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.എ.ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 08-09-2021 | 22-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-09-2021 | 22-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി റസ്സിയ ബിവി ജെ. ഓഡിറ്റ് ഓഫീസർ
ശ്രീ.റഷീദ്.സി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.വിജു.എം.എസ്, സിനീയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സ്വപ്ന.വി. ഓഡിറ്റർ.
ശ്രീ.മുഹമ്മദ് ഷാഫി.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു പൊതൂർ | പ്രസിഡന്റ് | 01-04-2020 | 29-11-2020 |
| ശ്രീമതി.ഓമന മോഹനൻ | പ്രസിഡന്റ് | 30-11-2020 | 31-03-2021 |
| ശ്രീ ജയന്തകുമാർ | സെക്രട്ടറി | 01-04-2020 | 10-06-2020 |
| ശ്രീ.അഫ്സൽ രാജ്.എം.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-06-2020 | 08-07-2020 |
| ശ്രീ ജയന്തകുമാർ | സെക്രട്ടറി | 09-07-2020 | 30-12-2020 |
| ശ്രീ.അഫ്സൽ രാജ്.എം.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 31-12-2020 | 29-01-2021 |
| ശ്രീ ജയന്തകുമാർ | സെക്രട്ടറി | 30-01-2021 | 28-02-2021 |
| ശ്രീ.അഫ്സൽ രാജ്.എം.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-03-2021 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എൽദോസ് പോൾ | അസി.എഞ്ചിനീയർ | 01-04-2020 | 01-11-2020 |
| ശ്രീ.വിനോദ് കുമാർ.പി.എം | അസി.എഞ്ചിനീയർ | 02-11-2020 | 31-03-2021 |
| ശ്രീ.അഫ്സൽ രാജ്..എം.ആർ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.സണ്ണി.കെ.എസ് | കൃഷി ഓഫീസർ | 01-04-2020 | 08-09-2020 |
| ശ്രീ.സന്തോഷ്.സി.ഡി | കൃഷി ഓഫീസർ | 09-09-2020 | 31-03-2021 |
| ശ്രീമതി.ദീപ്തി.എൻ | വി.ഇ.ഒ (മൂവാറ്റുപുഴ സൗത്ത് സർക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീമതി.മേരി ഫെർണാണ്ടസ് | വി.ഇ.ഒ (ആരക്കുഴ സർക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീമതി ഗീതാഞ്ജലി.ആർ.ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ബിന്ദു ബേബി | ഹെഡ് മിസ്ട്രസ് ഗവ.യു.പി സ്കൂൾ( ഇൻ ചാർജ്) | 01-04-2020 | 17-06-2020 |
| ശ്രീമതി.ടി.എം.ഷക്കീല | ഹെഡ് മാസ്റ്റർ ഗവ.ജി.എൽ.പി.എസ് | 18-06-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി സൂസമ്മ.സി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.ജോർജ് കെ.എ. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.പണ്ടപ്പിള്ളി | 01-04-2020 | 31-03-2021 |
| ഡോ. രേഷ്മ ചന്ദ്രൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ഡോ. ഇന്ദുമോൾ ബി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ. ഷിബു സി. തങ്കച്ചൻ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Bindu L (Computer Assistant, On 08-02-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )<br>Written By: Viju M S (Senior Grade Auditor, On 10-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 1-4 |
| 6 | പദ്ധതി അവലോകനം.<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Viju M S (Senior Grade Auditor, On 10-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 1-9 |
| 11 | ആഭ്യന്തര നിയന്ത്രണം.<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Bindu L (Computer Assistant, On 08-02-2022) | 1-10 |
| 12 | ഗ്രാമസഭ – നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം കൂടുന്നില്ല.<br>Written By: Ressiya Beevi J (Audit Officer, On 20-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 1-11 |
| 13 | ദുരിതാശ്വാസ നിധി<br>Written By: Ressiya Beevi J (Audit Officer, On 20-09-2021)<br>Last Updated By: Bindu L (Computer Assistant, On 08-02-2022) | 1-12 |
| 14 | ഭൂവികസന പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Swapna.V (Auditor, On 19-09-2021)<br>Last Updated By: Bindu L (Computer Assistant, On 08-02-2022) | 1-13 |
| 15 | തൊഴിൽ നികുതി അപാകതകൾ<br>Written By: Muhammed Shafi V M (Auditor, On 18-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 1-14 |
| 16 | ഒറ്റ തവണ കെട്ടിട നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു<br>Written By: Muhammed Shafi V M (Auditor, On 21-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 1-15 |
| 17 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 1-16 |

| | | |
|---|---|---|
| | Written By: Muhammed Shafi V M (Auditor, On 18-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | |
| 18 | എസ്.എൽ ഐ പ്രീമിയം കുറവായി അടക്കുന്നു.<br>Written By: Viju M S (Senior Grade Auditor, On 17-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 1-17 |
| 19 | മഴക്കാല പൂർവശുചീകരണം -ചെലവഴിക്കാത്ത തുക തിരിച്ചടച്ചിട്ടില്ല<br>Written By: Swapna.V (Auditor, On 20-09-2021)<br>Last Updated By: Bindu L (Computer Assistant, On 08-02-2022) | 1-18 |
| 20 | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ പദ്ധതി - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല<br>Written By: Swapna.V (Auditor, On 19-09-2021)<br>Last Updated By: Bindu L (Computer Assistant, On 08-02-2022) | 1-19 |
| 21 | പാലിയേറ്റിവ് കെയർ പദ്ധതി-ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Swapna.V (Auditor, On 19-09-2021)<br>Last Updated By: Bindu L (Computer Assistant, On 08-02-2022) | 1-20 |
| 22 | നായകളുടെ ലൈസൻസ് നൽകൽ - നടപടി സ്വീകരിക്കണം<br>Written By: C.M.Rasheed (Asst. Audit Officer, On 20-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 1-21 |
| 23 | ഭവന പദ്ധതി - തുടർ നടപടി സ്വീകരിച്ചില്ല.<br>Written By: C.M.Rasheed (Asst. Audit Officer, On 20-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 1-22 |
| 24 | ബോട്ട് വാങ്ങൽ - അവശ്യ അനുമതികൾ വാങ്ങിയിട്ടില്ല.<br>Written By: C.M.Rasheed (Asst. Audit Officer, On 20-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 1-23 |
| 25 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തൽ<br>Written By: C.M.Rasheed (Asst. Audit Officer, On 20-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 1-24 |
| 26 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - അപാകതകൾ<br>Written By: C.M.Rasheed (Asst. Audit Officer, On 20-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 1-25 |
| 27 | കാലി വീപ്പയുടെ വില ഈടാക്കിയിട്ടില്ല.<br>Written By: Ressiya Beevi J (Audit Officer, On 20-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 1-26 |
| 28 | അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ ഉറപ്പ് വരുത്തുന്നില്ല.<br>Written By: Ressiya Beevi J (Audit Officer, On 21-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 1-27 |
| | **ഭാഗം 2** | |
| 1 | ഭൂവികസന പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Swapna.V (Auditor, On 19-09-2021)<br>Last Updated By: Bindu L (Computer Assistant, On 08-02-2022) | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Viju M S (Senior Grade Auditor, On 16-09-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Viju M S (Senior Grade Auditor, On 16-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Bindu L (Computer Assistant, On 08-02-2022) | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Viju M S (Senior Grade Auditor, On 16-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Viju M S (Senior Grade Auditor, On 21-09-2021)<br>Last Updated By: Bindu L (Computer Assistant, On 08-02-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Viju M S (Senior Grade Auditor, On 20-09-2021)<br>Last Updated By: Joby George (Computer Assistant, On 19-01-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 2703.2020 ലെ 1-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 3846062 |
| വരവ് | 95645500 |
| ആകെ | 99491562 |
| ചെലവ് | 96862850 |
| നീക്കിയിരിപ്പ് | 2628712 |

ഇ.എഫ്.എം.എസ് വഴി മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി 2.14 കോടി രൂപയും ക്ഷേമ പദ്ധതികൾക്കായി ഡി.ബി.റ്റി വഴി 2.97 കോടി രൂപയും ലഭിച്ചതുൾപ്പെടെ 5.11 കോടി രൂപ തനത് സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയാലും ബജറ്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ കണക്കിൽ അജഗജാന്തര വ്യത്യാസമുണ്ട്. വാർഷിക കണക്കുകൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.07.2021 | 29.07.2021 |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1)സഞ്ചയ പ്രകാരമുള്ള വസ്തു നികുതിയുടെ കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2)ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുണ്ടായിരുന്ന തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(b) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറൻറ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. തൻവർഷം ഇ-ടെണ്ടർ ഫോറ ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

3)സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല.

4) ഡി & ഒ ലൈസൻസ് ഫീ ഇനത്തിൽ പെർമിറ്റ് റിന്യൂവൽ, പെർമിറ്റ് ഫീ, ലാന്റ് ഡെവലപ്പമെന്റ് ഫീ എന്നീ ഇനങ്ങളിൽ 60550 രൂപ ഉൾപ്പെടെ 60570 രൂപ Other Fees (140400199) എന്ന ഹെഡിലേക്കാണ് എടുത്തിട്ടുള്ളത്. ഈയിനത്തിൽ പ്രത്യേകം ഹെഡുകൾ ഉണ്ടായിരിക്കെയാണ് Other Fees ഇനത്തിൽ തുക വരവ് വച്ചിട്ടുള്ളത്. ഈ തുക Head Wise Reportലെ ആകെ തുകയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ RP -4 Fees & User Charges, I-4(b) Fees & User Charges- Income Head Wise എന്നിവയിൽ ഈ തുക 61563/- രൂപയാണ്. Head Wise Reportലെ ആകെ തുകയും RP -4 Fees & User Charges, I-4(b) Fees & User Charges- Income Head Wise എന്നിവയിലെ തുകയും തമ്മിൽ 993/- രൂപയുടെ വ്യത്യാസമുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 7795088 |
| വരവ് | 53766892 |
| ആകെ | 61561980 |
| ചെലവ് | 50589848 |
| നീക്കിയിരിപ്പ് | 10972132 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 9777441 | 9777441 | 9777441 | 0 | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1977039 | 1977039 | 1830818 | 146221 | |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 56000 | 56000 | 17848 | 38152 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 9040076 | 9040076 | 8741844 | 298232 | |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 3200000 | 3200000 | 3200000 | 0 | |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | 0 | 3456681 | 3456681 | 3377646 | 79035 | |
| സാക്ഷരത | 0 | 0 | 0 | 0 | 0 | |
| അംഗൻ വാടി പൂരക പോഷകാഹാരം | 341503 | 365188 | 706691 | 500000 | 206691 | |
| ശുചിത്വമിഷൻ | 733914 | 1587845 | 2321759 | 242156 | 2079603 | |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 156 | 63959696 | 118 | 37093163 | 19 | 19 | 75.64 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 15231 | 529336 | 544567 | 541385 | 3182 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 20904090 | 20904090 | 20904090 | |
| ആകെ | 15231 | 21433426 | 21448657 | 21445475 | 3182 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1440 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 2319900 | 152 |
| വിധവാപെൻഷൻ | 6411800 | 426 |
| വാർദ്ധക്യകാലപെൻഷൻ | 18364100 | 1268 |
| വികലാംഗപെൻഷൻ | 2170700 | 145 |
| വിവാഹധനസഹായം | 0 | 0 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 458900 | 31 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.09.2021ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6539/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.10.2020 | 01.02.2020മുതൽ 30.09.2020 വരെ | 22.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.01.2014 മുതൽ 04.02.2014 വരെ | 2008-09മുതൽ 2012-13 വരെ | 19.03.2014 |

## 1-10 ആഭ്യന്തര നിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഗ്രാമപഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

3. ഫ്രണ്ട് ഓഫീസിൽ കറണ്ട് ഫയൽ ജനറേറ്റ് ചെയ്യുമ്പോൾ മാത്രമേ നിലവിൽ സൂചികയിൽ എൻട്രി വരുന്നുള്ളൂ. തീർപ്പു കൽപ്പിക്കുന്നതും വെരിഫിക്കേഷനും സംബന്ധിച്ച എൻട്രികൾ സൂചികയിൽ പ്രതിഫലിക്കുന്നില്ല. ബാക്ക് ഓഫീസ് സംവിധാനം സൂചികയിൽ പൂർണ്ണതോതിൽ പ്രവർത്തിക്കാത്തതിനാൽ ഫയലുകൾ അതത് സെക്ഷനുകളിൽ പെന്റിംഗായി കാണിക്കുന്നു.

4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

6. പഞ്ചായത്തിൽ സ്വന്തമായി ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ നേടുന്നതിന് മുൻപ് തന്നെ സി.ജി.എസ്.ടിയിനത്തിലും (350300100)എസ്.ജി.എസ്.ടിയിനത്തിലും(350300111) യഥാക്രമം 19344 (9672+9672) രൂപ കളക്ട് ചെയ്തിട്ടുണ്ട്. ടി തുക ഇപ്പോഴും വാർഷിക ധനകാര്യ പത്രികയിൽ Other Deposit Revenue (340200199) ൽ ബാദ്ധ്യതയായി കാണിച്ചിരിക്കുന്നു. തുക ബന്ധപ്പെട്ട ഹെഡുകളിൽ അടവാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

7. മോണിട്ടറിങ്ങ്

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

8. നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഓഡിറ്റിനായി ഹാജരാക്കിയ ക്യാഷ് ബുക്ക് കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം നിർദ്ദേശിക്കുന്ന ടി. ആർ 7A ഫോർമാറ്റിലുള്ളതല്ല.

9. പഞ്ചായത്ത് തലത്തിൽ ഉപയോഗിക്കുന്നതും നിർവ്വഹണോദ്യാഗസ്ഥർക്കും നല്കിയിട്ടുള്ളതുമായ രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല.

10. ലൈസൻസ് ഫീസ് അഡ്വാൻസ് ലഭിച്ചതിന്റെ ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്യുന്നതിനായി പ്രത്യേകം രജിസ്റ്റർ

സൂക്ഷിക്കാത്തതിനാൽ ബുക്ക് അഡ്ജെസ്റ്റ്മെന്റ് വിശദാംശങ്ങൾ ലഭ്യമല്ല. ആയതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതും വിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതുമാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 ഗ്രാമസഭ – നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം കൂടുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 13 ഗ്രാമസഭകൾ നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല. 2020 -21 സാമ്പത്തിക വർഷത്തിൽ ആകെ 1 തവണ മാത്രമാണ് 13 ഗ്രാമസഭകളും യോഗം ചേർന്നിട്ടുള്ളത്. നിലവിൽ ഗ്രാമസഭകൾ പലതും നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി ആസൂത്രണത്തിലോ, പദ്ധതി പ്രവർത്തനങ്ങളിലോ കാര്യമായി ഇടപെടുന്നില്ല. നിയമപ്രകാരം യഥാസമയം യോഗം ചേരാതിരിക്കുന്നതിനാലും ജനപങ്കാളിത്തത്തിന്റെ കുറവുമൂലവുമാണ് ഇപ്രകാരം ഗ്രാമസഭകൾ മാറിയിട്ടുള്ളത്.ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താവുന്നതാണ്.ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/18-9-21) ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് രൂക്ഷമായ സാഹചര്യത്തിൽ ആൾക്കൂട്ടം ചേരുന്നതിനുള്ള വിലക്ക് ഉള്ളതിനാലാണ് ഗ്രാമസഭകൾ കൃത്യമായ ഇടവേളകളിൽ ചേരാതിരുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്.

## 1-12 ദുരിതാശ്വാസ നിധി

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ആയത് പ്രകാരം ഗ്രാമപഞ്ചായത്തിൽ ആരക്കുഴ സർവ്വീസ് സഹകരണ ബാങ്കിൽ അക്കൗണ്ട് നമ്പർ 2261 അത്തരത്തിലൊരു ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിലെ വരവ് ചെലവ് കണക്കുകൾ താഴെച്ചേർക്കുന്നു.

| മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 367532 | 7067 | 374599 | 305000 | 69599 |

പകർച്ച വ്യാധികളും ദുരന്തങ്ങളും അനുദിനം വർദ്ധിച്ച് കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അശരണരായ ജനങ്ങൾക്ക് പഞ്ചായത്ത് വഴി നല്കുന്ന ചെറിയ സഹായം പോലും വലിയ മുതൽക്കൂട്ടാവുന്നതാണ്. ദുരിതാശ്വാസനിധി വഴി പഞ്ചായത്തിലെ ദുരിതമനുഭവിക്കുന്ന ഒട്ടനവധി കുടുംബങ്ങൾക്ക് സഹായം ലഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 84 കുടുംബങ്ങൾക്ക് ചികിത്സ സഹായമായി 305000 രൂപ ഈ അക്കൗണ്ടിൽ നിന്ന് നല്കിയിട്ടുണ്ട്. കൂടുതലും മാരകരോഗങ്ങളായ ക്യാൻസർ, ഹൃദയ സംബന്ധമായ രോഗങ്ങളുള്ളവർ എന്നിവർക്കാണ് ദുരിതാശ്വാസ നിധിയിൽ നിന്ന് തുക നല്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.

## 1-13 ഭൂവികസന പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ പട്ടിക II പ്രകാരം ചട്ടം 31(1), (2), (3) എന്നിവ പ്രകാരമുള്ള ഭൂവികസനപ്രവർത്തനങ്ങൾക്ക് ആറിന് 750 രൂപ വീതം പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ, പാർപ്പിട,വ്യാവസായീക/വാണിജ്യ ആവശ്യങ്ങൾക്ക് വേണ്ടി ചട്ടം31(1), (2), (3) എന്നിവ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ അനുവദിച്ച വിവിധ ഭൂവികസന പെർമിറ്റുകൾക്ക് ഇപ്രകാരം ഫീസ് ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ഭാഗം 2-1 ൽ ചേർത്തിട്ടുണ്ട്.

## 1-14 തൊഴിൽ നികുതി അപാകതകൾ

കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ 2020-2021 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ

തൊഴിൽ നികുതി(രണ്ട് അർദ്ധ വർഷങ്ങളിലേയും) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 31/20-21 | ബിന്ദു ജേക്കബ്, നീലൂകാവിൽ | ജീസസ് ഫ്യൂവൽസ് | 4 |
| 2 | 95/20-21 | പ്രദീഷ് തോമസ്, പാലാക്കാരൻ | ഫിലോമിനാസ് ഫുഡ് പ്രോഡക്ട്സ് | 3 |
| 3 | 138/20-21 | മാനേജിംഗ് പാർട്ട്നർ | സൂപ്പർ ലയൺ ബിവറേജസ് | 5 |

മേൽ പരാമർശിച്ചിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻ.നം.14/17-9-2021), പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന മറുപടി നൽകിയിട്ടുണ്ട്.

## 1-15 ഒറ്റ തവണ കെട്ടിട നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു

പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്ന് തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 09.07.2015 ലെ സ.ഉ.(എം.എസ്)നം.231/15/തസ്വഭവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരവ് പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ സ്വീകരിക്കാതെയാണ് വസ്തുനികുതി നിർണ്ണയം നടത്തി പുതിയതായി നമ്പർ അനുവദിച്ചിരിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 1 | 13/277A | സുഭാഷ് എം വി, മാനിക്കൽ | പാർപ്പിടം |
| 2 | 11/323B | ജോൺസൺ, സിമി, മുല്ലപ്പിള്ളിൽ | കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം |
| 3 | 1/167B | ബിനുരാജ്, താഴത്ത് | പാർപ്പിടം |

മേൽ പരാമർശിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻ.നം.21/18.09.2021) മറുപടി ലഭിച്ചിട്ടില്ല. കെട്ടിട ഉടമസ്ഥരിൽ നിന്ന് നികുതി റിട്ടേൺ പകർപ്പ് ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ഇതു സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് (വാല്യം 1) ആർട്ടിക്കിൾ 282 (1) പ്രകാരം 3 വർഷ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്കു മുതൽക്കൂട്ടേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ ചുവടെ സൂചിപ്പിച്ചിരിക്കുന്ന വിവിധ ഇനങ്ങളിലായി കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ഡെപ്പോസിറ്റ് കാലയളവ് | തുക |
|---|---|---|---|
| 1 | കോൺട്രാക്ടേഴ്സ് ഇ.എം.ഡി | 2011-2012 വരെ ഉള്ളത് | 104376 |
| | | 2012-2013 | 23750 |
| | | 2013-2014 | 8885 |
| | | 2016-2017 | 3260 |

| | | | |
|---|---|---|---|
| 2 | സപ്ലയർ ഇ.എം.ഡി | 2011-2012 വരെ ഉള്ളത് | 8250 |
| | | 2017-2018 | 4760 |
| 3 | ബിഡ്ഡേഴ്സ് ഇ.എം.ഡി | 2011-2012 വരെ ഉള്ളത് | 1400 |
| | | 2014-2015 | 400 |
| | | 2015-2016 | 2500 |
| | | 2016-2017 | 9500 |
| | | 2017-2018 | 860 |
| 4 | ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 2015-2016 | 1080 |
| 5 | റെന്റ് ഡെപ്പോസിറ്റ് | 2013-2014 | 498 |
| | | 2014-2015 | 2835 |
| 6 | ഓക്ഷൻ ഡെപ്പോസിറ്റ് | 2016-2017 | 13300 |
| 7 | മറ്റുള്ള ഡെപ്പോസിറ്റുകൾ | 2013-2014 | 2600 |
| | | 2015-2016 | 6600 |
| | | 2016-2017 | 2000 |
| ആകെ | | | 196854 |

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/10.09.21) മറുപടിയായി 3 വർഷ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം തനത് ഫണ്ടിലേക്ക മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-17 എസ്.എൽ ഐ പ്രീമിയം കുറവായി അടക്കുന്നു.

സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് വകുപ്പിന്റെ 04.10.2016 ലെ സ.ഉ (അച്ചടി) നം149/16/ധന- പ്രകാരം അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി താഴെ ചേർത്തിട്ടുള്ള വിധം എസ്.എൽ.ഐ പ്രീമിയം വർദ്ധിപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| അടിസ്ഥാന ശമ്പളം 17999 വരെ | 200/- രൂപ |
| അടിസ്ഥാന ശമ്പളം 18000 മുതൽ 35699 വരെ | 300/- രൂപ |
| അടിസ്ഥാന ശമ്പളം 35700 മുതൽ 55349 വരെ | 500/- രൂപ |
| അടിസ്ഥാന ശമ്പളം 55350 മുകളിൽ | 600/- രൂപ |

എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 02/2021 ലെ ശമ്പള ബില്ല് പ്രകാരം പല ജീവനക്കാരിൽ നിന്നും എസ്.എൽ.ഐ പ്രീമിയം കുറവായി ഈടാക്കി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പേര് | അടിസ്ഥാന ശമ്പളം | അടക്കുന്ന പ്രീമിയം | അടവാക്കേണ്ട പ്രീമിയം | കുറവ് |
|---|---|---|---|---|
| ശ്രീ.ജയന്തകുമാർ, സെക്രട്ടറി | 46900 | 200 | 500 | 300 |
| അഫ്സൽരാജ്എം.ആർ.,അസി.സെക്രട്ടറി | 43600 | 150 | 500 | 350 |
| ശ്രീ.ജയൻ സി.ആർ.,സീനിയർ ക്ലർക്ക് | 27800 | 200 | 300 | 100 |
| ശ്രീ. ശ്രീജു.ടി.എസ്.,സീനിയർ ക്ലർക്ക് | 27800 | 200 | 300 | 100 |
| ശ്രീ.അനു ആർ., ക്ലർക്ക് | 20550 | 225 | 300 | 75 |

മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം എസ്.എൽ.ഐ. പ്രീമിയം തുക കുറവായി അടക്കുന്നതിന് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 17.09.2021 ൽ 15ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥരിൽ നിന്നും എസ്.എൽ.ഐ. പ്രീമിയം തുക 2019 ലെ ശമ്പള പരിഷ്കരണ സ്ലാബ് പ്രകാരം പുതുക്കി അടവാക്കേണ്ടതാണ്.

## 1-18 മഴക്കാല പൂർവശുചീകരണം -ചെലവഴിക്കാത്ത തുക തിരിച്ചടച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ മഴക്കാല പൂർവ്വശുചീകരണപ്രവർത്തനങ്ങൾക്കായി രണ്ടു ഗഡുക്കളായി 130000/- രൂപ 2020-21 സാമ്പത്തിക വർഷത്തിൽ ശുചിത്വമിഷൻ ഫണ്ടിൽ നിന്നും താഴെ കൊടുത്തിട്ടുള്ള ചെക്കുകൾ മുഖേന മെഡിക്കൽ ഓഫീസർ സി.എച്ച്.സി പണ്ടപ്പിള്ളിക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | അനുവദിച്ച തുക | വൌച്ചർ നം./ചെക്ക് നം/ തീയതി |
|---|---|---|
| 1 | 65000/- | 22000149/058088/28.5.20 |

| | | |
|---|---|---|
| 2 | 65000/- | 22000466/059445/18.9.20 |

ജി.ഒ.(ആർ.ടി)നം.844/2020/എൽ.എസ്.ജി.ഡി, തീയതി 5.2.2020 പ്രകാരം ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡുകളിലും 10000/- രൂപ വീതം ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാവുന്നതാണ്. ചെലവു രേഖകൾ പരിശോധിച്ചതിൽ നിന്നും വാർഡ് 5 ൽ 9000/- രൂപയാണ് ശുചീകരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളത്. ബാക്കി തുകയായ 1000/- രൂപ നാളിതുവരെയും ശുചിത്വ മിഷൻ ഫണ്ടിൽ തിരിച്ചടച്ചിട്ടില്ല. ചെലവഴിക്കാത്ത ടി തുക തിരിച്ചടക്കാത്തതിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.23/20.9.21) മറുപടി ലഭ്യമായിട്ടില്ല. ചെലവഴിക്കാത്ത ടി തുക ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടക്കേണ്ടതും ആയതിന്റെ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-19 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ പദ്ധതി - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ -ഹോമിയോ നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതിപ്രകാരം ഹോംകോയിൽ നിന്നും ലഭിക്കുവാനുള്ള 112384/-രൂപയുടെ മരുന്ന് നാളിതുവരെയും ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ / 33/20-21 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി ,ആരക്കുഴ |
| അടങ്കൽ തുക | 150000/-(മെയിന്റനൻസ് ഫണ്ട്,റോഡിതരം) |
| ചെലവഴിച്ച തുക | 150000/- |
| ബിൽ നം./തീയ്യതി | 1/2020-21/6.10.2020 |

മേൽ വിവരിച്ച പദ്ധതി പ്രകാരം 150000/- രൂപ ഹോംകോയ്ക്ക് നെഫ്റ്റ് ട്രാൻസ്ഫർ മുഖേന 6.10.2020 ൽ നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും 10.5.2021 ലെ ടാക്സ് ഇൻവോയിസ് നം. LF 172 പ്രകാരം നാളിതുവരെ 37616/- രൂപയുടെ മരുന്നുകൾ മാത്രമാണ് സി.എച്ച്.സി യിൽ ലഭിച്ചിട്ടുള്ളത്.ബാക്കി 112384/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്കായി ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/13.9.21) മറുപടി ലഭ്യമായിട്ടില്ല. ഹോംകോയിൽ നിന്ന് കാലതാമസം കൂടാതെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ പൂർണ്ണമായും ലഭ്യമാകുന്നതുവരെ 1,12,384/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 പാലിയേറ്റിവ് കെയർ പദ്ധതി-ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ സി.എച്ച്.സി ആരക്കുഴ നടപ്പിലാക്കിയ പാലിയേറ്റിവ് കെയർ പദ്ധതിയുടെ ചെലവുരേഖകൾ പൂർണ്ണമായും പരിശോധനക്കായി ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു .

| | |
|---|---|
| പ്രോജക്ട് നമ്പർ | 69/2020-21 |
| പ്രൊജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,സിഎച്ച്.സി.,ആരക്കുഴ |
| അടങ്കൽതുക | ആകെ-520000/-<br>170000/-(വികസന ഫണ്ട്, പൊതുവിഭാഗം, സാധാരണ വിഹിതം )<br>350000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് തുക | ആകെ - 512470/-<br>162626/-(വികസനഫണ്ട്)<br>349844/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

മേൽ പദ്ധതി പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിക്കായി ഗ്രാമപഞ്ചായത്തിൽ 512470/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 472486/-രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനക്കായി ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി 39984/- രൂപയുടെ (ട്രഷറി ബിൽ നം.12/ 20-21, പണം മാറിയ തീയതി 28.3.21) ചെലവു രേഖകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല. ടി തുകയുടെ ചെലവു രേഖകൾ പരിശോധനക്കായി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(13/15.9.21) മറുപടി ലഭ്യമായിട്ടില്ല. ചെലവു രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതുവരെ 39984/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 നായകളുടെ ലൈസൻസ് നൽകൽ - നടപടി സ്വീകരിക്കണം

ഗ്രാമ പഞ്ചായത്തിൽ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ,1998 പ്രകാരമുള്ള ലൈസൻസ് നൽകൽ നടപടികൾ ഊർജ്ജിതമായി നടപ്പാക്കുന്നില്ല. ഗ്രാമപഞ്ചായത്തിൽ 2019-20, 20-21 വർഷം ലൈസൻസ് എടുത്ത നായകളുടെ എണ്ണം താഴെ ചേർക്കുന്നു.

| ക്രമ നം | വർഷം | എണ്ണം | ലഭിച്ച തുക ( ഫോം വില ഉൾപ്പെടെ) |
|---|---|---|---|
| 1 | 2019-20 | 8 | 120 |
| 2 | 2020-21 | 10 | 175 |

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20,20-21 വർഷങ്ങളിൽ പേപ്പട്ടി വിഷ നിർമ്മാർജ്ജന പ്രൊജക്ട് നടപ്പാക്കിയിട്ടുണ്ട്. പ്രൊജക്ടുകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| വർഷം | പ്രൊജക്ട് നം, ചെലവ്, ട്രഷറി ബിൽ നം | കുത്തിവയ്പ്പ് നൽകിയ നായകളുടെ എണ്ണം |
|---|---|---|
| 2019-20 | S0088/19-20,12000,10 /19-20,21.1.20 | 201 |
| 2020-21 | S0020/20-21,12200,9 /20-21,26.3.21 | 246 |

ഇപ്രകാരം പ്രൊജക്ടിന്റെ ഭാഗമായി നായകളെ കുത്തിവെയ്പ്പിനായി കൊണ്ടുവന്നിട്ടും എല്ലാ നായകൾക്കും ലൈസൻസ് സംബന്ധിച്ച നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. 1998 ലെ ചട്ടം പ്രകാരം ( ചട്ടം 3) ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെ യാതൊരാളും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നായകളെ വളർത്താൻ പാടില്ല. ഇക്കാര്യം പരിശോധിക്കേണ്ടതും നിലവിൽ നായകളുടെ ലൈസൻസിന് പഞ്ചായത്ത് സ്വീകരിക്കുന്ന നടപടികൾ ഓഡിറ്റിനെ അറിയിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 8/13.09.2021) 14.09.21 ന് നൽകിയ മറുപടിയിൽ നായ ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ഭവന പദ്ധതി - തുടർ നടപടി സ്വീകരിച്ചില്ല.

ലൈഫ് ഭവനപദ്ധതിയുടെ ഭൂരഹിത ഭവന രഹിത പദ്ധതി പ്രകാരം തുക അനുവദിക്കപ്പെട്ട വ്യക്തി ലൈഫ് മിഷൻ നിബന്ധനകൾ പാലിച്ചിട്ടില്ലാത്ത വ്യക്തിയായതിനാൽ നൽകിയ തുക തിരികെ ഈടാക്കണമെന്നാവശ്യപ്പെട്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കത്ത് നൽകി. എന്നാൽ ആയതിൻമേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

തുക നൽകിയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ഗുണഭോക്താവിന്റെ പേര് | രമണി രവി, വാർഡ് നം 7,<br>പൊട്ടൻമലയിൽ, പണ്ടപ്പിള്ളി പി ഒ |
| ഗുണഭോക്തൃ ലിസ്റ്റിലെ നമ്പർ | 40 |
| തുക നൽകിയതിന്റെ വിവരം | 340000/-<br>അക്കൗണ്ട് നം 857510110000381,<br>ബാങ്ക് ഓഫ് ഇൻഡ്യ |
| വാങ്ങിയ സ്ഥലത്തിന്റെ വിവരം | 1.21 ആർ, സർവ്വെ നം 5-1-3<br>മൂവാറ്റുപുഴ താലൂക്ക്, ആരക്കുഴ വില്ലേജ്. |

ശ്രീമതി. രമണി രവിക്കോ കുടുംബാംഗങ്ങൾക്കോ സ്വന്തമായി ഭൂമിയില്ല എന്ന ആരക്കുഴ വില്ലേജ് ഓഫീസിൽ നിന്നുള്ള 18.09.19 ലെ 241/19 നം സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സ്ഥലം വാങ്ങുന്നതിന് തുക അനുവദിച്ചിട്ടുള്ളത്. തനിക്കോ മകൻ അനൂപിനോ സ്വന്തമായി ഭൂമിയില്ല എന്ന് ശ്രീമതി രമണി സത്യവാങ്മൂലം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ വില്ലേജ് ഓഫീസിലെ സൂക്ഷ്മ പരിശോധനയിൽ ശ്രീമതി രമണിയുടെ 1740090290 നം റേഷൻ കാർഡിൽ ഉൾപ്പെട്ട മകൻ അനൂപിന് സ്വന്തമായി ഭൂമിയുള്ളതായി വില്ലേജ് ഓഫീസർ കണ്ടെത്തുകയും 28.09.2020 ലെ 254/2020 നടപടി പ്രകാരം 18.09.19 ലെ 241/19 നം സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാരിക്ക് നൽകിയ 340000/- രൂപ പലിശ സഹിതം തിരികെ ഈടാക്കണമെന്ന് വി ഇ ഒ 1.10.2020 ൽ റിപ്പോർട്ട് നല്കി. പഞ്ചായത്ത് കമ്മറ്റി പ്രസ്തുത കത്ത് 19.10.2020 ൽ പരിഗണിക്കുകയും 13/01 നം തീരുമാന പ്രകാരം ഇത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് സർക്കാരിന് ശുപാർശ ചെയ്യുന്നതിനും തീരുമാനിച്ചു. എന്നാൽ ലൈഫ് മിഷൻ എക്സിക്യൂട്ടീവ് ഓഫീസർക്ക് 23.03.21 ൽ A1-2173 പ്രകാരം കത്ത് നൽകുകയാണ് ചെയ്തത്. ആയതിൽ സർക്കാരിന് കത്ത് നൽകുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചതായും ഉചിതമായ തീരുമാനം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിൽ നിന്ന് അനുമതി വാങ്ങുന്നതിന് നടപടി സ്വീകരിക്കാതിരുന്നത് സംബന്ധിച്ചും, ലൈഫ് മിഷൻ നിബന്ധന ലംഘിച്ച് പണം നൽകിയത് സംബന്ധിച്ചും 23.03.21 ന് ശേഷം തുടർനടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 1,9.9.21) 16.09.21 ന് മറുപടി ലഭ്യമാക്കി. മറുപടിയുടെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിഗമനങ്ങൾ/അഭിപ്രായം താഴെ ചേർക്കുന്നു.

1.തുക നൽകിയത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് സർക്കാരിലേക്ക് ശുപാർശ ചെയ്യുന്ന നടപടി എന്ന നിലയിൽ ലൈഫ് മിഷൻ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുള്ള കാര്യം മറുപടിയിൽ സൂചിപ്പിച്ചു. സർക്കാരിൽ നിന്ന് മാർഗ്ഗ നിർദ്ദേശം ലഭിക്കുന്നതിന് പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്ന് മാർഗ്ഗ നിർദ്ദേശം ലഭിക്കുന്നതിനായി 14.09.2021 ൽ കത്ത് ( A1 2173/20) നൽകി എന്ന് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചു.

ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-23 ബോട്ട് വാങ്ങൽ - അവശ്യ അനുമതികൾ വാങ്ങിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ ദുരന്ത നിവാരണ രക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബോട്ടുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ആയതിന് അവശ്യ ലൈസൻസുകൾ വാങ്ങിയിട്ടില്ല. അപാകത സംബന്ധിച്ച് 10.09.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 5) 20.09.2021 ന് നൽകിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | S0158/21 |
| പ്രൊജക്ടിന്റെ പേര് | ദുരന്ത നിവാരണം രക്ഷാ പ്രവർത്തനം - ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ/ഫണ്ടിനം | 1000000/-<br>മറ്റുള്ളവ |
| ചെലവ് | 196350/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

റെവലേഷൻ മറൈൻ & എൻജിനീയറിംഗ്, കുണ്ടന്നൂർ, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നാണ് ബോട്ടുകൾ വാങ്ങിയിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | എണ്ണം | വില | ബിൽ നം |
|---|---|---|---|---|
| 1 | ഫെറി ബോട്ട് | 1 | 98700 | 009/20-21 /19.10.2020 |
| 2 | ഫൈബർ ഗ്ലാസ്സ് ബോട്ട് | 3 | 93000 | 009/20-21 /19.10.2020 |

താഴെ പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1.ബോട്ടുകൾക്ക് രജിസ്ട്രേഷൻ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ ആവശ്യമാണ്. എന്നാൽ ആയത് നിലവിൽ വാങ്ങിയിട്ടില്ല. ആയതിന് അപേക്ഷ സമർപ്പിക്കുന്നതാണെന്ന് മറുപടി നൽകി.

2.എൻജിൻ ഉപയോഗിക്കുന്ന ബോട്ട് ഉണ്ടെങ്കിൽ പോർട്ട് ഡിപ്പാർട്ട്മെന്റും, എൻജിൻ ഇല്ലാത്തവക്ക് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിലെ കനാൽ ഓഫീസറുമാണ് ലൈസൻസ് നൽകേണ്ടത്. ഇക്കാര്യം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് പഞ്ചായത്ത് വാങ്ങിയ ബോട്ടുകൾ എൻജിൻ ഇല്ലാത്തവയാണെന്നും ഇവയുടെ ലൈസൻസിന് നടപടി സ്വീകരിക്കുന്നതാണ് എന്നും മറുപടി നൽകി.

3.ബോട്ടുകൾ വിതരണം ചെയ്ത സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് മറുപടി ലഭ്യമാക്കിയില്ല.

അപാകതകൾ പരിഹരിച്ച് സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തൽ

ഗ്രാമപഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ വിലയിരുത്തുന്നതിന് ഫയലുകളും രജിസ്റ്ററുകളും പരിശോധിക്കുകയും ഓഡിറ്റ് എൻക്വയറികൾ ( നം 10/14.09.21,16/17.09.21) നൽകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച മറുപടി കൂടി പരിഗണിച്ച് ഗ്രാമ പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഓഡിറ്റ് അവലോകനം താഴെ ചേർക്കുന്നു.

1)കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി താഴെ പറയും പ്രകാരം 3306242/- രൂപയാണ് പഞ്ചായത്ത് ചെലവഴിച്ചിട്ടുള്ളത്.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | ജനറേറ്റർ വാങ്ങൽ | 199377 |
| 2 | എക്സ്ഹോസ്റ്റ് ഫാൻ | 20400 |
| 3 | ബെഡ് സൈഡ് കാബിനറ്റ് | 112500 |
| 4 | സബ്മെഴ്സിബിൾ പമ്പ് | 22856 |
| 5 | ഇൻസിനറേറ്റർ | 171170 |
| 6 | മെഡിക്കൽ ഉപകരണങ്ങൾ | 445348 |
| 7 | സി എഫ് എൽ റ്റി - പണ്ടപ്പിള്ളി സ്കൂളിൽ അധിക സൗകര്യം ഏർപ്പെടുത്തൽ | 704684 |
| 8 | സി എഫ് എൽ റ്റി - പണ്ടപ്പിള്ളി സ്കൂൾ സി എഫ് എൽ റ്റി സി ആയി പരിവർത്തനം ചെയ്യൽ | 1141435 |
| 9 | സി എഫ് എൽ റ്റി സി വൈദ്യുതീകരണം | 488472 |
| ആകെ | | 3306242 |

2) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി യൂത്ത് വാളന്റിയർമാർക്ക് പരിശീലനം നൽകിയിട്ടില്ല. എന്നാൽ സ്വയം സന്നദ്ധരായി എത്തിയവർ സേവനം നൽകി.

3)ഗ്രാമപഞ്ചായത്തിൽ 26.03.2020 മുതൽ 17.03.2021 വരെ കാലയളവിൽ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചു. പ്രസ്തുത കാലയളവിൽ ശരാശരി 60 മുതൽ 140 പേർക്ക് വരെ വീടുകളിൽ ഭക്ഷണം എത്തിച്ചു നൽകി.

4)പ്രത്യേക പരിഗണന നൽകേണ്ടവരുടെ(ഗുരുതര രോഗികൾ,പ്രായാധിക്യമുള്ളവർ) സുരക്ഷയ്ക്ക് ഹെൽപ്പ് ഡസ്ക് രൂപീകരിച്ചിട്ടില്ല. എന്നാൽ തദ്ദേശീയരായ സർക്കാർ ജീവനക്കാരെ നിയമിച്ച് ഹെൽപ്പ് ഡെസ്ക് തുറന്നിരുന്നു.

5)പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചിരുന്നു.

6) ഗ്രാമപഞ്ചായത്ത് 15പൾസ് ഓക്സിമീറ്റർ വാങ്ങി. ആയതിന്റെ സ്റ്റോക്ക് രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

7) കോവിഡ് നിയന്ത്രണ, ചികിത്സ പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്ത് കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ (സി എഫ് എൽ റ്റി സി )ആരംഭിച്ചിട്ടുണ്ട്. സ ഉ (സാധ) 955/2020/25.05.2020 ത സ്വ ഭ വ, സ ഉ (സാധ) 1364/2020/14.07.2020 ത സ്വ ഭ വ എന്നീ ഉത്തരവുകളിലെ നിർദ്ദേശാനുസരണം സി എഫ് എൽ റ്റി സിക്ക് വേണ്ടി ഭൗതിക സൗകര്യങ്ങൾ ഒരുക്കൽ, ദൈനം ദിന നടത്തിപ്പ്, ഭക്ഷണം, ശുചിത്വം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്.

സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഗവ: എൽ പി സ്കൂൾ പണ്ടപ്പിള്ളിയിൽ സി എഫ് എൽ റ്റി സിയായും ക്വാറന്റയിൻ സെന്ററായി സി എച്ച് സി ക്ക് സമീപമുള്ള കെട്ടിടവും ഉപയോഗിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി

17.07.2020 ലെ 1.1 നം പ്രകാരം തീരുമാനിച്ചു. എന്നാൽ 28.07.2020 ന് ഡെപ്യൂട്ടി കളക്ടർ (വിജിലൻസ്), മൂവാറ്റുപുഴ തഹസിൽദാർ എന്നിവർ പണ്ടപ്പിള്ളി സ്കൂൾ സന്ദർശിക്കുകയും സ്കൂളിൽ സി എഫ് എൽ റ്റി സി ആരംഭിക്കുന്നതിന് താമസം നേരിടും എന്നറിയിക്കുകയും മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന് സമീപമുള്ള അഡ് മിനിസ്ട്രേറ്റീവ് കെട്ടിടത്തിൽ സി എഫ് എൽ റ്റി സി ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. എന്നാൽ പഞ്ചായത്ത് മെഡിക്കൽ ഓഫീസറോട് അഭിപ്രായം ചോദിക്കുകയും വിവിധ കാരണങ്ങളാൽ പ്രസ്തുത കെട്ടിടം സി എഫ് എൽ റ്റി സി ആരംഭിക്കുന്നതിന് അനുയോജ്യമല്ല എന്ന് മെഡിക്കൽ ഓഫീസർ അഭിപ്രായപ്പെടുകയും ചെയ്തു. ഇക്കാര്യം പരിഗണിച്ച് താൽക്കാലികമായി അഡ്മിനിസ്ട്രേറ്റീവ് കെട്ടിടത്തിൽ സി എഫ് എൽ റ്റി സി പ്രവർത്തനം ആരംഭിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറക്ക് പണ്ടപ്പിള്ളി സ്കൂളിൽ പ്രവർത്തനം ആരംഭിക്കുന്നതിനും തീരുമാനിച്ചു.എന്നാൽ സി എഫ് എൽ റ്റി സി ആരംഭിക്കുന്നതിന് അനുയോജ്യമായ വേറെ കെട്ടിടങ്ങൾ ഉള്ളതിനാൽ പണ്ടപ്പിള്ളി സ്കൂളിൽ സി എഫ് എൽ റ്റി സി ആരംഭിക്കുന്നതിലും മരാമത്ത് പ്രവൃത്തികൾ നിർവ്വഹണം നടത്തുന്നതിലും താഴെ പറയുന്ന പഞ്ചായത്ത് അംഗങ്ങൾ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം | പഞ്ചായത്ത് അംഗത്തിന്റെ പേര് | വാർഡ് നം |
|---|---|---|
| 1 | സിബി കുര്യാക്കോ | 9 |
| 2 | വള്ളമറ്റം കുഞ്ഞ് | 6 |
| 3 | മിനി രാജു | 12 |
| 4 | സാന്ദ്ര കെന്നഡി | 3 |

മെഡിക്കൽ ഓഫീസറും അസിസ്റ്റന്റ് എഞ്ചിനീയറും ചേർന്ന് സി എഫ് എൽ റ്റി സി മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും പഞ്ചായത്ത് കമ്മറ്റി 17.07.20 ൽ 2-ാം നമ്പർ കമ്മറ്റി തീരുമാന പ്രകാരം 2644000/- രൂപയുടെ മരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം നൽകുകയും ചെയ്തു.

നിർമ്മാണ പ്രവർത്തനങ്ങൾക്ക് ക്വട്ടേഷൻ ക്ഷണിക്കുകയും 7.8.20 ലെ 1.1 നം തീരുമാന പ്രകാരം താഴെ പറയുന്ന കരാറുകാരെ തിരഞ്ഞെടുക്കുകയും പ്രവൃത്തി പൂർത്തീകരണത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയും ചെയ്തു.

| ക്രമ നം | ഇനം | കരാറുകാരൻ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | പണ്ടപ്പിള്ളി സ്കൂളിന് അധിക സൗകര്യം ഒരുക്കൽ | ബേബി പി യു | 810000/- | 704684/- |
| 2 | പണ്ടപ്പിള്ളി സ്കൂൾ സി എഫ് എൽ റ്റി സി ആക്കി മാറ്റൽ | ബേബി പി യു | 1340000/- | 1141435/- |
| 3 | പണ്ടപ്പിള്ളി സ്കൂൾ വൈദ്യുതീകരണം | രാജേഷ് കെ.ജി. | 494000/- | 488472/- |

മേൽ 3 ഇനങ്ങൾ കൂടാതെയുള്ള സി എഫ് എൽ റ്റി സി യിലേക്ക് സാധനങ്ങൾ വാങ്ങൽ എന്ന പ്രൊജക്റ്റിന് ( അടങ്കൽ 900000/- ) വിവിധ കരാറുകാരിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങൽ നടത്തുകയുമാണ് ചെയ്തിട്ടുള്ളത്.

സി എഫ് എൽ റ്റി സി സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1. വാർഡ് നിർമ്മാണം,ചുറ്റുമറ നിർമ്മാണം എന്നിവ നടത്തിയതിന് ശ്രീ ബിജു മാർക്കോസ് എന്ന കരാറുകാരൻ 441150/- രൂപയുടെ ബിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് 300000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നടപടികളിലെ അപാകത താഴെ ചേർക്കുന്നു.

(A) കരാറുകാരൻ പഞ്ചായത്തിന് സമർപ്പിച്ച കത്ത് പ്രകാരം നിർമ്മാണങ്ങൾ പൊളിച്ച് മാറ്റിയിട്ടുണ്ട്. ഇപ്രകാരം പൊളിച്ചുമാറ്റിയതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ടതിന് 2021 ലെ നിയമസഭാ ഇലക്ഷനുമായി ബന്ധപ്പെട്ട് രണ്ട് ബൂത്തുകൾ ക്രമീകരിക്കുന്നതിന്റെ ഭാഗമായി ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസർ മൂവാറ്റുപുഴ നൽകിയ 03.03.21 ലെ ഇ 1.11400/2020 കത്ത് പ്രകാരം ബൂത്തുകൾ ക്രമീകരിക്കുന്നതിന്റെ ഭാഗമായി തടസ്സമുള്ള ഭാഗങ്ങളിലെ മറകൾ മാത്രമാണ് പൊളിച്ച് മാറ്റിയത് എന്നറിയിച്ചു.

(B)കരാറുകാരനെ തിരഞ്ഞെടുക്കുന്നതിന് ക്വട്ടേഷൻ/ടെണ്ടർ എന്നിവ നടത്തിയിട്ടില്ല. ആയതിന് മറുപടി ലഭ്യമാക്കിയില്ല.

(C) പ്രവൃത്തി സംബന്ധിച്ച് അസി:എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.വാടകക്ക് കുറഞ്ഞ നിരക്കിൽ നൽകിയതിനാലാണ് എസ്റ്റിമേറ്റ് തയ്യാറാക്കാതിരുന്നത് എന്നറിയിച്ചു.

(D)കരാറുകാരനിൽ നിന്ന് ആദായ നികുതി നിയമം 194 C പ്രകാരം ഈടാക്കേണ്ട ആദായ നികുതി റ്റി ഡി എസ് ഈടാക്കിയിട്ടില്ല.

2. എക്സ്ഹോസ്റ്റ് ഫാൻ വാങ്ങിയതിന് ശ്രീ രാജേഷ് കെ ജി എന്നയാൾക്ക് 25675/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ

ക്വട്ടേഷൻ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ബിൽ പരിശോധനക്ക് ലഭ്യമാക്കിയില്ല.

3. പഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ പ്രകാരം കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾക്ക് ലഭിച്ച ആകെ തുക താഴെ പറയും പ്രകാരമാണ്.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | സി എസ് ആർ ഫണ്ട് | 805000/- |
| 2 | സംഭാവന | 300000/- |
| ആകെ | | 1105000/- |

4.സി എഫ് എൽ റ്റി സി യിലേക്ക് വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

5.പണ്ടപ്പിള്ളി സ്കൂളിൽ പന്തൽ നിർമ്മിച്ചതിന് ജോസ്കോ ഡെക്കറേഷൻ എന്ന സ്ഥാപനത്തിന് 50000/- രൂപ 24.08.2020 ലെ ബില്ലിന്റെ അടിസ്ഥാനത്തിൽ 25.08.2020 ന് നൽകിയിട്ടുണ്ട്. ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. കുറഞ്ഞ നിരക്കിൽ വാടകക്ക് ലഭിച്ചതിനാലാണ് എസ്റ്റിമേറ്റ് തയ്യാറാക്കാതിരുന്നത് എന്ന് അറിയിച്ചു.

6.സി എഫ് എൽ റ്റി സിയിൽ നാളിതു വരെ പ്രവേശിപ്പിച്ച കോവിഡ് ബാധിതരുടെ എണ്ണം താഴെ ചേർക്കുന്നു.

ഒന്നാം ഘട്ടം -163

രണ്ടാം ഘട്ടം -189

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-25 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - അപാകതകൾ

ദേശീയ ഗ്രാമ വികസന മന്ത്രാലയത്തിന്റെ 7.4.2017 ലെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ നിർദ്ദേശങ്ങൾ പ്രകാരം 2017-18 മുതലുള്ള എല്ലാ പ്രവൃത്തികളിലും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ നിർബന്ധമാക്കിയിട്ടുണ്ട്.ഗ്രാമ വികസന മന്ത്രാലയം പുറത്തിറക്കിയ ആന്വൽ മാന്വൽ സർക്കലർ 2019 - 20 ലും ഇത് സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്. ഭിത്തി ലഭ്യമായ പ്രവൃത്തികളിൽ പെയിന്റ് ചെയ്യും അല്ലാത്തവയിൽ ഫലകത്തിന്റെ രൂപത്തിലും ബോർഡ് സ്ഥാപിക്കാം. വ്യക്തിഗത പ്രൊജക്റ്റുകൾക്ക് പരമാവധി 3000 രൂപയും കമ്മ്യൂണിറ്റി പ്രൊജക്റ്റുകൾക്ക് പരമാവധി 5000 രൂപയും ബോർഡ് സ്ഥാപിക്കുന്നതിന് ചെലവഴിക്കാം.ഗ്രാമ പഞ്ചായത്തിൽ ബിന്ദു കെ തോമസിന്റെ ക്വട്ടേൽഷനാണ് ബോർഡ് സ്ഥാപിക്കുന്നതിന് അംഗീകരിച്ചിട്ടുള്ളത്. ടിയാനുമായി 31.12.2019 ൽ എഗ്രിമെന്റ് ഒപ്പ് വെക്കുകയും ചെയ്തു.

ബോർഡ് സ്ഥാപിക്കൽ സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വ്യക്തിഗത പ്രൊജക്റ്റുകളിൽ സ്ഥാപിച്ച ബോർഡിന്റെ എണ്ണം | 78 |
| തുക | 234000 |
| കമ്മ്യൂണിറ്റി പ്രൊജക്റ്റുകളിൽ സ്ഥാപിച്ച ബോർഡിന്റെ എണ്ണം | ഇല്ല |
| തുക നൽകിയ അക്കൗണ്ട് നം. | 67138042834 |

ബോർഡ് സ്ഥാപിക്കലിലെ അപാകത താഴെ ചേർക്കുന്നു.

1.നിയമാനുസൃതി നികുതികൾ കിഴിവ് ചെയ്തില്ല.

കരാറുകാരന്റെ ബില്ലിൽ നിന്ന് ആദായ നികുതി നിയമ പ്രകാരം റ്റി ഡി എസ് ഈടാക്കേണ്ടതാണെങ്കിലും ആയത് ഈടാക്കിയിട്ടില്ല.വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| കരാറുകാരന് നൽകിയ തുക | 234000/- |
| ആദായ നികുതി(@1) | 2340/- |

2.ചട്ടപ്രകാരം പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപാണ് ബോർഡ് സ്ഥാപിക്കേണ്ടത്. എന്നാൽ സ്റ്റേജ് 3 ന്റെ സമയത്താണ് ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളത് എന്ന് മറുപടി നൽകി.

3. പ്രവൃത്തികളുടെ ഫയലിന്റെ കൂടെ ബോർഡിന്റെ ഫോട്ടോ സൂക്ഷിക്കണമെന്ന് നിർദ്ദേശമുണ്ട്. എന്നാൽ ഒരു ഫയലിലും ഫോട്ടോ സൂക്ഷിച്ചിട്ടില്ല. ജിയോ ടാഗ് ചെയ്യുന്നതിനാലാണ് പ്രത്യേകം സൂക്ഷിക്കാത്തത് എന്ന് മറുപടി നൽകി. എന്നാൽ ജിയോ ടാഗ് ചെയ്തതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല.

സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സംബന്ധിച്ച ചട്ടങ്ങൾ പാലിക്കേണ്ടതും നിയമാനുസൃത നികുതികൾ ഈടാക്കി

സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-26 കാലി വീപ്പയുടെ വില ഈടാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ 2020-21വർഷം നടപ്പിലാക്കിയ താഴെ പറയുന്ന മരാമത്ത് വേലകളിൽ 2016 ലെ ഡി.എസ്.ആർ നിരക്ക് പ്രകാരം പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് കരാറുകാരന് അനുവദിച്ചുനൽകിയിട്ടുള്ളത്. എന്നാൽ അവസാന ബിൽ നൽകിയപ്പോൾ കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും ഈടാക്കിയിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്തിൽ ഈടാക്കിവരുന്ന കാലിവീപ്പയുടെ നിരക്കനുസരിച്ച് (ഒരെണ്ണത്തിന് 238/-രൂപ നിരക്കിൽ)ഉള്ള വിലയും 18% ജി.എസ്.ടി യും ആണ് ഈടാക്കേണ്ടിയിരുന്നത്.വിശദവിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

1.

| | |
|---|---|
| പ്രോജക്ട് നമ്പർ | S00 54/20-21 |
| പ്രോജക്ടിന്റെ പേര് | പ്ലാക്കിത്തടം ഇലവുംചുവട് റോഡ് റീടാറിംഗ് |
| അടങ്കൽ<br>ചെലവ് | 500000/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>498681/-(ബിൽ.നം.44/20-21 /13-3-21) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 24 ബാരൽ<br>എം.ബുക്ക് നം. 312/20-21 |
| ഈടാക്കേണ്ടതുക | 238 X 24 = 5712/- രൂപ + 18% ജി.എസ്.ടി |
| കരാറുകാരൻ | ബിജു ജോസഫ് |

2.

| | |
|---|---|
| പ്രോജക്ട് നമ്പർ | S00 56/20-21 |
| പ്രോജക്ടിന്റെ പേര് | ഉപ്പുകണ്ടം കുരുക്കന്നപുരം കനാൽ ബണ്ട് റോഡ് റീടാറിംഗ് വാർഡ് 13 |
| അടങ്കൽ<br>ചെലവ് | 500000/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>497936/-(ബിൽ നം.43/10-3-21) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 22ബാരൽ<br>എം.ബുക്ക് നം. /19-20 |
| ഈടാക്കേണ്ടതുക | 238 X22 = 5236/- രൂപ + 18% ജി.എസ്.ടി |
| കരാറുകാരൻ | ബൈജു എം.മണി. |

3.

| | |
|---|---|
| പ്രോജക്ട് നമ്പർ | S00 126/19-20 |
| പ്രോജക്ടിന്റെ പേര് | പെരിങ്ങഴകാവ് റോഡ് പുനരുദ്ധാരണം വാർഡ് 1 |
| അടങ്കൽ<br>ചെലവ് | 400000/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>393415/-(ബിൽ നം.11/11.4.2020) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 19ബാരൽ<br>എം.ബുക്ക് നം. 496/19-20 |
| ഈടാക്കേണ്ടതുക | 238 X 19 = 4522/- രൂപ + 18% ജി.എസ്.ടി |
| കരാറുകാരൻ | ബൈജു എം.മണി. |

ഇതിന്റെ വിശദീകരണം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(22/19-9-21) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും കാലി വീപ്പയുടെ വിലയായ 15470/-രൂപ (5712+5236+4522) 18% ജി.എസ്.ടി ഉൾപ്പെടെ ഈടാക്കേണ്ടതാണ്.

## 1-27 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ ഉറപ്പു വരുത്തുന്നില്ല.

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser, Ministry Of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan, Chennaഎന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുംബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2020-21 വർഷത്തിൽ 6 മാസം മുതൽ 3വയസ്സ് വരെയുള്ള കുട്ടികൾക്ക് നൽകുന്നതിനായി അമൃതം ഫുഡ് സപ്ളിമെന്റ് യൂണിറ്റ്, ഈസ്റ്റ് കടാതി, മൂവാറ്റുപുഴ എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നുമാണ് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. സാമ്പിൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് 4-1-21 ലാണ് ലഭിച്ചിരിക്കുന്നത്. ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്നതിന് മുൻപ് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കി കാണുന്നില്ല. അതിനാൽ തന്നെ ഈ നിർദ്ദേശത്തിന്റെ ഉദ്ദേശ്യം മാസങ്ങൾക്ക് ശേഷം ലഭിക്കുന്ന പരിശോധനാഫലം കൊണ്ട് നിറവേറ്റപ്പെടുന്നുമില്ല. യഥാസമയം ഗുണനിലവാരം ഉറപ്പ് വരുത്തി മാത്രം ഭക്ഷ്യമിശ്രിതം വിതരണം ചെയ്യാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ഭൂവികസന പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ പട്ടിക II പ്രകാരം ചട്ടം 31(1), (2), (3) എന്നിവ പ്രകാരമുള്ള ഭൂവികസനപ്രവർത്തനങ്ങൾക്ക് ആറിന് 750 രൂപ വീതം പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ, പാർപ്പിട, വ്യാവസായിക/വാണിജ്യ ആവശ്യങ്ങൾക്ക് വേണ്ടി ചട്ടം31(1), (2), (3) എന്നിവ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ അനുവദിച്ച താഴെ സൂചിപ്പിച്ചിട്ടുള്ള ഭൂവികസന പെർമിറ്റുകൾക്ക് ഇപ്രകാരം ഫീസ് ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ. നം | ഉടമസ്ഥന്റെ പേര് | ഭൂവികസന പെർമിറ്റ് നം. തിയതി | പ്ലോട്ടിന്റെ സർവെ നം. | പ്ലോട്ടിന്റെ വിസ്തൃതി (ആർ) | ഭൂവികസനം അനുവദിച്ച വിസ്തൃതി (ആർ) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ്/ രസീത് നം./തീയതി | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | സാലിമ സെബാസ്റ്റ്യൻ, എടാട്ടുകുന്നേൽ | A2-901/ 17.3.20 | 582/11 | 53.22 | 7.28 | 7.28*750 = 5460/- | 7.28*250= 1820/- (12001010 0078/ 12.5.20) | 3640/- |
| 2 | ജോസ് , വടക്കേനിലവൂർ നെല്ലൂർ | A2-2006/ 7.9.20 | 611/8B-2,611/8A | 49.27 | 15.60 | 15.60*750 = 11700/- | 3900/- (120010 101169/ 21.10.20) | 7800/- |
| 3 | പീതാംബരൻ, പണ്ടപ്പിള്ളി | A2-2566/ 20 9.11.20 | 767/15-2, 767/15-3, 767/15-4 | 20.24 | 4.9008 | 4.9008*750= 3676/- | 3068/- (120010 103024/ 4.3.21) | 608/- |
| 4 | ജോർജ് എം.ജെ, മേമടത്തിൽ | A2-1689/ 11.5.20 | 610/4-5, 610/4-1, 610/1A | 59.09 | 4.0470 | 4.0470*750= 3035/- | 1099/- (1200101 00595/ 30.7.20) | 1936/- |
| 5 | ഷൈൻ ഡൊമനിക്, കാച്ചിറയിൽ | A2-1053/ 5.5.20 | 737/913-2, 737/8-2-2-2 | 14.16 | 7.2801 | 7.2801*750= 5460/- | 2026/- (12001010 0070/11.5.20) | 3434/- |
| 6 | ഗോപി ,പറന്നൊലിൽ ,ആരക്കുഴ | A2-2686/ 25.11.20 | 690/6-8 | 17.33 | 8.5726 | 8.5726*750= 6429/- | 3500/- (1200101 01670/ 4.1.21) | 2929/- |
| 7 | മേഴ്സി , ചെറുപറമ്പിൽ ,പേരുമ്പല്ലൂർ | A2-2082/ 15.9.20 | 595/2-2 | 61.10 | 9.00 | 9.00*750= 6750/- | 1750/- (10101229/ 28.10.20) | 5000/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 8 | ഷൈസൻ.പി. മാങ്കഴ, പെരുമ്പല്ലൂർ | A2-2079/ 15.9.20 | 597/7A, 597/7B2, 597/8-1, 597/8-2 | 60.89 | 9.70 | 9.70*750= 7275/- | 2630/-(1010 1227/ 28.10.20) | 4645/- |
| 9 | ജിബി.കെ. ജോർജ്, കരവട്ടേക്കച്ചിറ, ആരക്കുഴ | A2-1668/ 24.7.20 | 72/12-2-2 | 8.09 | 6.20 | 6.20*750= 4650/- | 1550/-(1200 010- 100080/ 19.8.20) | 3100/- |
| 10 | ദിവാകരൻ നായർ കല്ലപാലത്തിങ്കൽ | A2-1375/ 20/12.6.20 | 845/16A | 11.53 | 4.05 | 4.05*750= 3038/- | 1013/-(1200 10100374) 18.6.20 | 2025/- |
| 11 | സജീവ് കുമാർ.കെ,വി കല്ലപാലത്തിങ്കൽ | A2-1261/ 19/2.6.20 | 845/16B2- 11 | 15.18 | 4.05 | 4.05*750= 3038/- | 1013/-(1200 10100372) 18.6.20 | 2025/- |
| 12 | ബൈജു.എ മഞ്ചിമലയിൽ | A2-741/ 20/4.3.20 | 589/1C2-4 589/1C2-3 589/1C2-5 | 9.72 | 6.75 | 6.75*750= 5063/- | 1688/- 1200101 00097/ 14.5.20 | 3375/- |
| 13 | അജീഷ് ജോർജ് നെടുംചാലിൽ | A2-1240/ 28.5.20 | 582/10A-4-2 582/-10A-3 | 17.02 | 4.40 | 4.40*750= 3300/- | 1100/- 1200101 00350/ 16.6.20 | 2200/- |
| | ആകെ കുറവ് | | | | | | | 42717/- |

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/18.9.21) മറുപടി ലഭ്യമായിട്ടുണ്ട്. മറുപടിയിൽ അപേക്ഷകനെ രേഖാമൂലം അറിയിപ്പ് നൽകി തുക അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭൂവികസന പെർമിററ് ഫീസിനത്തിൽ ഈടാക്കുവാനുള്ള 42,717/- രൂപ ഈടാക്കി രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 349844 | 69/21,പാലിയേറ്റീവ് കെയർ പദ്ധതി | 349844 | |
| | | 50000 | 141/21,സുഭിക്ഷ കേരളം പച്ചക്കറികൃഷി വികസനം | 50000 | |
| | | 1200000 | 10/21,ലൈഫ് ഭവന പദ്ധതി ഭവന രഹിതർക്ക് ഭവനം (പൊതുവിഭാഗം) | 1200000 | |
| | | 165980 | 14/21,ലൈഫ് ഭവന പദ്ധതി ഭവന രഹിതർക്ക് ഭവനം (എസ്.സി) | 165980 | |
| | | 40000 | 157/21,ലൈഫ് ഭവന പദ്ധതി ഭവന രഹിതർക്ക് ഭവനം (എസ്.ടി) | 40000 | |

| | | | | | |
|---|---|---|---|---|---|
| | | 171150 | 65/21,ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് | 171150 | |
| | | 281022 | 136/21,പകൽ വീട്ടിൽ ബസ് സ്സിളിനായി അധിക സൗകര്യം ഏർപ്പെടുത്തി | 281022 | |
| | | 132400 | 93/21, ക്ഷീരസഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 132400 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 63750 | 27/21, നെൽകൃഷി വികസനം | 63750 | |
| | | 300000 | 14/21,ലൈഫ് ഭവന പദ്ധതി ഭവന രഹിതർക്ക് ഭവനം (എസ്.സി) | 300000 | |
| | | 400000 | 137/21,ലൈഫ് ഭവന പദ്ധതി സ്ഥലം വാങ്ങൽ | 400000 | |
| | | 260000 | 157/21,ലൈഫ് ഭവന പദ്ധതി ഭവന രഹിതർക്ക് ഭവനം (എസ്.ടി) | 260000 | |
| | | 171150 | 65/21,ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് | 171150 | |
| | | 74000 | 93/21,ക്ഷീരസഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 74000 | |
| | | 194800 | 123/21,ക്ഷീരസഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 194800 | |

## 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ആരക്കുഴ -തോട്ടക്കര റോഡ് പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ എസ് 0139/20-21 | ഫണ്ട് ട്രാൻസ്ഫർ | 150000 | | 150000 |
| | ആരക്കുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ എസ് 0063/20-21 | ഫണ്ട് ട്രാൻസ്ഫർ | 2091291 | 0 | 2091291 |
| | ആരക്കുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | ലഭ്യമല്ല | 686000 | 0 | 686000 |
| കെ.എസ്.ഇ.ബി | ആരക്കുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | ലഭ്യമല്ല | 764898 | 0 | 764898 |
| | ആരക്കുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | ബിൽ നം 199/21 തീ 04.3.2021 | 252062 | 79355 | 172707 |

| | | | | | |
|---|---|---|---|---|---|
| | എസ് 0062/20-21 | | | | |
| | ആരക്കുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ എസ് 0124/20-21 | ബിൽ നം . 04/21 തീ 11.04.2020 | 234468 | 100000 | 134468 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2390800/-രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | (1)ജി.ഒ4451/20 /ധനം03.03.2020 (2)ജി.ഒ.43/20 /ധനം/01.01.2021 | 2390800 | 2674706 | 468706 | | 4596800 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ തൻവർഷം ലഭിച്ച 9759 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1(15) | 2055 (ജി.എസ്.ടി ) | സെക്രട്ടറി, മിൽക്ക് സൊസൈറ്റി, ആരക്കുഴ | 120010100246 തീ.03.06.2020 |
| 2018-19 | 1(15) | 204 (ജി.എസ്.ടി ) | സെക്രട്ടറി, മിൽക്ക് സൊസൈറ്റി, ആരക്കുഴ | 120010100271 തീ.05.06.2020 |
| 2018-19 | 1(16) | 7500 (ആദായ നികുതി) | സെന്റ് മേരീസ് കുടുംബശ്രീ. ഷൈസൺ.പി. മാങ്കുഴ | 120010101316 തീ.12.11.2020 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 23 | 2001-02 | 358 | മണൽലേലം ലേലക്കാരന് സഹായകരമായി പ്രവർത്തിച്ചതുവഴി 39700 പഞ്ചായത്തിനു നഷ്ടം | നിയമ സഭസമിതി ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി 2006-08-18ാം റിപ്പോർട്ട് പേജ് 109 ൽ ഉൾപ്പെട്ടിട്ടുള്ളതാണ്. |

| | | | | | |
|---|---|---|---|---|---|
| 1997-98 | 33 | 2001-02 | 56 | പഠനോപകരണ വിതരണം ക്രമക്കേട് | |
| 1997-98 | 34 | 2001-02 | 371 | വീട് നന്നാക്കാൻ-അനധികൃത ചെലവ് | |
| 1997-98 | 48 | 2001-02 | 372 | ഉപാധി രഹിത ഫണ്ട്-റോഡ് ടാറിംഗ് ഫണ്ട് ദുർവിനിയോഗം | ഉദ്യോഗസ്ഥനെതിരെ വകുപ്പ് തല നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |
| 1997-98 | 49 | 2001-02 | 376 | റോഡ് പണി -ക്രമക്കേടുകൾ | സർച്ചാർജ് നടപടി ദില്ലാ കോടതി തടഞ്ഞിട്ടുള്ളതാണ് |
| 1997-98 | 50 | 2001-02 | 387 | റോഡ് പണി -ക്രമക്കേടുകൾ | |
| 1997-98 | 51 | 2001-02 | 381 | റോഡ് പണി -ക്രമക്കേടുകൾ | |
| 2001-02 | 3-9 | 2004-05 | 3-7-1-1 | പഞ്ചായത്ത് കെട്ടിട നിർമ്മാണം-അധികച്ചെലവ് | |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53766892 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50589848 |
| വരവിനങ്ങളിലുള്ള നഷ്ടം | 42717 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 152368 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 32930 | 0 | ശ്രീ.ജയന്തകുമാർ.എ.പി സെക്രട്ടറി |
| | 9787 | 0 | ശ്രീ.അഫ്സൽ രാജ്.എം.ആർ സെക്രട്ടറി (അഡീ.ചാർജ്ജ്) |
| ആകെ | 42717 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും | തടസ്സത്തിനുത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും |
|---|---|---|---|
| 1-19 | 112384 | ഡോ.ഇന്ദുമോൾ. മെഡിക്കൽ ഓഫീസർ (ഹോമിയോ) | വലിയപറമ്പിൽ ആനപ്പുഴ,കൊടുങ്ങല്ലൂർ |
| 1-20 | 39984 | ഡോ.ജോർജ്.കെ.എ മെഡിക്കൽ ഓഫീസർ സി.എച്ച്.സി,പണ്ടപ്പിള്ളി | കാട്ടിത്തറ ഈസ്റ്റ് അത്രൂർ ചർച്ച് ആലപ്പുഴ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | ആദായ നികുതി | ജി.എസ്.ടി | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ, പേര് | നികുതി നഷ്ടത്തിനുത്തരവാദിയായ ഉദ്യാഗസ്ഥന്റെ മേൽവിലാസം |
|---|---|---|---|---|
| 1-25 | 2340 | 0 | ശ്രീ. അഫ്സൽ രാജ്.എം.ആർ, | ദാറുൽ അമൻ പേഴയ്ക്കാപ്പിള്ളി.പി.ഒ |

| | | | | |
|---|---|---|---|---|
| | | | അസി.സെക്രട്ടറി | മൂവാറ്റുപുഴ |
| | 2340 | 0 | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീ.ജയന്തകുമാർ.എ.പി സെക്രട്ടറി | ആരക്കുഴ ഗ്രാമ പഞ്ചായത്ത് | അലക്ഷാടത്ത് മന പുതുവാശ്ശേരി, കാഞ്ഞിരമറ്റം.പി.ഒ. ആമ്പല്ലൂർ. |
| 2 | ശ്രീ.അഫ്സൽ രാജ്.എം.ആർ സെക്രട്ടറി (അഡി.ചാർജ്ജ്) | ആരക്കുഴ ഗ്രാമ പഞ്ചായത്ത് | ദാറുൽ അമാൻ പേഴയ്ക്കാപ്പിള്ളി.പി.ഒ മൂവാറ്റുപുഴ |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ഇ പി 5 -52/2000/22-3-2001 |
| 1997-98 | എൽ എഫ് ഇ പി 5 -52/2000/22-3-2001 |
| 1998-99 | എൽ എഫ് ഇ പി 5 -1279/2000/16-7-2001 |
| 01-02 | എൽ എഫ് ഇ പി 5 -1702/2003/19-3-2004 |
| 03-04 | എൽ എഫ് ഇ പി 5 -1541/2009/15-3-2010 |
| 04-05 | എൽ എഫ് ഇ പി 5 -1542/2009/15-3-2010 |
| 05-06 | എൽ എഫ് ഇ പി 5 -1543/2009/15-3-2010 |
| 06-07 | എൽ എഫ് ഇ പി 5 -892/2008/19-01-2009 |
| 07-08 | എൽ എഫ് ഇ പി 5 -589/2010/22-10-2011 |
| 08-09 | എൽ എഫ് ഇ പി 5 -590/20010/22-10-2011 |
| 09-10 | എൽ എഫ് ഇ പി 8 -1066/2013/16-07-2013 |
| 12-13, 13-14 | എൽ എഫ് ഇ പി 8 -211/2015/03-03-2015 |
| 14-15 | എൽ എഫ് ഇ പി 8-879/2016/06-06-2016 |
| 15-16 | കെഎസ്എഇകെഎം(പി8)2039/2016/08/12/2016 |
| 16-17 | കെഎസ്എഇകെഎം(പി8)2025/2017/20/11/2017 |
| 17-18 | കെഎസ്എഇകെഎം(പി8)129/2019/18/03/2019 |
| 18-19 | കെഎസ്എഇകെഎം(പി8)128/2020/18/03/2019 |
| 19-20 | കെഎസ്എഇകെഎം(പി8)1290/2021/20/09/2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്